(ബി) എത്രപേർ ഈ കേസുകളിൽ ഉൾപ്പെട്ടിട്ടുണ്ട്;

(സി) എത്ര പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്;

(ഡി) പാസ്പോർട്ടും രൂപയും നഷ്ടപ്പെട്ടവർക്ക് അവ തിരികെ ലഭിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ നഷ്ടപ്പെട്ട രേഖകളും രൂപയും തിരികെ ലഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 177 കേസുകൾ.

(ബി) 311 പേർ.

(സി) ആരേയും ശിക്ഷിച്ചിട്ടില്ല.

(ഡി) 7 കേസുകളിൽ ലഭിച്ചിട്ടുണ്ട്.

(ഇ) നഷ്ടപ്പട്ട പാസ്പോർട്ടുകൾ കണ്ടെത്തുന്നതിന് നടപടികൾ കൈക്കൊള്ളുന്നുണ്ട്.

മാറാട് സംഘർഷവുമായി ബന്ധപ്പെട്ട് ദുരിതബാധിതരായവർക്ക് നഷ്ടപരിഹാരമായി അനുവദിച്ച തുക

59 [60] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറാട് ഉണ്ടായ വർഗ്ഗീയസംഘർഷം പരിഹരിക്കാൻ നടത്തിയ ഒത്തുതീർപ്പ് ചർച്ചയിൽ തീരുമാനിക്കപ്പെട്ട വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഒത്തുതീർപ്പ് ചർച്ചയിൽ ഏതെല്ലാം സംഘടനകളുടെ പ്രതിനിധികളാണ് പങ്കെടുത്തത്;

(സി) മാറാട് സംഘർഷവുമായി ബന്ധപ്പെട്ട് ദുരിതബാധിതരായവർക്ക് എത്ര തുക നഷ്ടപരിഹാരമായി ഇതിനകം അനുവദിച്ചു കഴിഞ്ഞു;

(ഡി) ഒത്തുതീർപ്പ് വ്യവസ്ഥ അനുസരിച്ച് ഏതെല്ലാം ക്രൈം നമ്പരിലുള്ള കേസുകൾ പിൻവലിക്കണമെന്ന അപേക്ഷകളാണ് പരഗണനയിലുള്ളത് എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഒത്തുതീർപ്പു വ്യവസ്ഥകൾ താഴെ പറയുന്നു:

1. മാറാട് സംഭവത്തിന്റെ പിന്നിലെ ഗൂഢാലോചന, അന്തർ സംസ്ഥാന ബന്ധം, തീവ്രവാദ ബന്ധം എന്നിവ സി. ബി. ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനെപ്പറ്റി നിയമവശം നോക്കി അനന്തരനടപടികൾ സ്വീകരിക്കേണ്ടതും ആദ്യപടിയായി അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടേണ്ടതുമാണ്.

2. കൊല്ലപ്പെട്ടവരുടെ ആശ്രിതർക്ക് 10 ലക്ഷം (പത്ത് ലക്ഷം) രൂപാ വീതം നഷ്ടപരിഹാരം നൽകും.

3. കൊല്ലപ്പെട്ടവരുടെ ആശ്രിതരിൽ ഒരാൾക്ക് യോഗ്യത നോക്കി സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ജോലി നൽകും.

4. അക്രമത്തിൽ ഗുരുതരമായി പരിക്കേറ്റ് ചികിത്സയിൽ കഴിയുന്നവർക്ക് 5 ലക്ഷം രൂപാ വീതവും, പരിക്കേറ്റ മറ്റുള്ളവർക്ക് 3 ലക്ഷം രൂപാ വീതവും നഷ്ടപരിഹാരം നൽകും.

5. മാറാട് പുനരധിവാസ പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

6. വീട്, തൊഴിലുപകരണങ്ങൾ എന്നിവ നഷ്ടപ്പെട്ടവർക്ക് നാശനഷ്ടം തിട്ടപ്പെടുത്തി ഫിഷറീസ് വകുപ്പ് മുഖേന സഹായധനം നൽകും.

7. മാറാട് പ്രശ്നത്തിന്റെ പേരിൽ നടന്ന സമരത്തിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ എടുത്ത കേസുകൾ പിൻവലിക്കാൻ ശുപാർശ ചെയ്യും.

8. മാറാട് മുഴുവൻ strength-ഓടുകൂടിയുള്ള ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കും.

9. ബേപ്പൂരിൽ കോസ്റ്റ് ഗാർഡ് സ്റ്റേഷൻ തുടങ്ങുന്നതിന് വേണ്ടിയുള്ള ഭൂമി ഉടൻതന്നെ വിട്ടു കൊടുക്കാൻ നടപടി സ്വീകരിക്കും.

10. മാറാട് വികസന പാക്കേജ് നടപ്പാക്കുന്നതിന് ബന്ധപ്പെട്ട മന്ത്രിമാർ നേരിട്ട് വേണ്ട നടപടികൾ എടുക്കേണ്ടതാണ്.

(ബി) 2003 ഒക്ടോബർ 2, 4, 5 തീയതികളിൽ കോഴിക്കോടും തിരുവനന്തപുരത്തും നടന്ന ഒത്തുതീർപ്പു ചർച്ചകളിൽ അരയസമാജം, ഹിന്ദു ഐക്യവേദി, ബി. ജെ. പി., മുസ്ലീംലീഗ് എന്നീ സംഘടനകൾ പങ്കെടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

(സി) കൊല്ലപ്പെട്ട ഒമ്പതുപേരുടെ ആശ്രിതർക്ക് 10 ലക്ഷം (പത്ത് ലക്ഷം) രൂപാ വീതം നഷ്ടപരിഹാരം നൽകി. അക്രമത്തിൽ ഗുരുതരമായി പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന എട്ടു പേർക്ക് 5 ലക്ഷം രൂപാ വീതവും, പരിക്കേറ്റ മറ്റ് ഒമ്പതുപേർക്ക് 3 ലക്ഷം രൂപാ വീതവും നഷ്ടപരിഹാരം നൽകി. വീട്, തൊഴിലു പകരണങ്ങൾ എന്നിവ നഷ്ടപ്പെട്ടവർക്ക് നാശനഷ്ടം തിട്ടപ്പെടുത്തി ഫിഷറീസ് വകുപ്പ് മുഖേന 1,51,96,500 (ഒരു കോടി അമ്പത്തിയൊന്നുലക്ഷത്തി തൊണ്ണൂറ്റിയാറായിരത്തി അഞ്ഞൂറു രൂപ)-യുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ഡി) മാറാട് പ്രശ്നം പരിഹരിക്കാൻ നടത്തിയ ഒത്തു തീർപ്പു വ്യവസ്ഥയ നുസരിച്ച് മാറാട് സംഭവങ്ങളുടെ പേരിൽ നടന്ന സമരത്തിന്റെ ഭാഗമായി സംസ്ഥാന ത്തൊട്ടാകെ ചാർജ്ജുചെയ്ത കേസുകൾ പിൻവലിക്കുന്നതിനുള്ള നടപടികൾ തുടരുകയാണ്. കേസ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് രണ്ടു അപേക്ഷകളാണ് സർക്കാരിനു ലഭിച്ചിട്ടുള്ളത്. ഇതിൽ നാലു കേസുകൾ സി. ആർ. പി. സി. 321-നു വിധേയമായും ബഹുമാനപ്പെട്ട കോടതിയുടെ അനുമതിയോടും പിൻവലിക്കുന്നതിന് വിരോധമില്ലെന്ന് കാണിച്ച് ബന്ധപ്പെട്ട കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് നടന്ന ആർ. എസ്. എസ്. സംഘട്ടനങ്ങൾ

60 [61] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ സംസ്ഥാനത്ത് എത്ര ആർ. എസ്. എസ്. സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്;

(ബി) ആർ. എസ്. എസ്. സംഘട്ടനത്തിന്റെ ഫലമായി എത്ര പേർ ഈ കാലയളവിൽ മരണമടഞ്ഞിട്ടുണ്ട്;

(സി) ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റ പത്രം സമർപ്പിച്ചിട്ടുണ്ട്;

(ഇ) ആർ. എസ്. എസ്. സംഘട്ടനത്തിൽ മരണമടഞ്ഞവരുടെ കക്ഷി ബന്ധം വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി, സി, ഡി, & ഇ) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly